بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 01.01.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*01.01.16 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രാർഥനകളെ പാഴാക്കുന്നവരാകാതിരിക്കട്ടെ പ്രത്യുത ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിനു വേണ്ടി ചെയ്തിട്ടുള്ള പ്രാർഥനകൾക്ക് എന്നെന്നും അനന്തരാവകാശികളായിരിക്കട്ടെ. ഈ പ്രാർഥനയോടു കൂടി ഞാൻ നിങ്ങൾക്കെല്ലാവർക്കും നവവത്സരാശംസകൾ നേരുന്നു.**

**അല്ലാഹുത്തആല ഈ വർഷം നമുക്കു വേണ്ടി വ്യക്തിപരമായ നിലയിലും ജമാഅത്തുപരമായ നിലയിലും അസംഖ്യം ബർക്കത്തുകൾക്ക് നിമിത്തമാക്കട്ടെ.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

പുതുവർഷത്തിലെ ആദ്യദിനമാണിന്ന്. അനുഗൃഹീത ജുമുഅ ദിവസത്തോടെയാണ് ഈ ദിനം ആരംഭിച്ചിരിക്കുന്നത്. പുതുവർഷം ആരംഭിച്ചാൽ പരസ്പരം ആശംസകൾ നേരുക എന്ന സമ്പ്രദായമനുസരിച്ച് നവവത്സരാശംസകൾ നേർന്നു കൊണ്ടുള്ള സന്ദേശങ്ങൾ എനിക്കും വന്നു കൊണ്ടിരിക്കുന്നു. പരസ്പരം ആശംസകൾ നിങ്ങളും നേരുന്നുണ്ടാകും. പാശ്ചാത്യരിൽ അല്ലെങ്കിൽ വികസിത രാഷ്ട്രങ്ങളിൽ പുതുവർഷ രാത്രിയിൽ മദ്യപിച്ചും കലഹിച്ചും വെടിക്കെട്ട് നടത്തിയുമാണ് പുതുവർഷത്തെ സ്വാഗതം ചെയ്യാറ്. ഇന്നിപ്പോൾ മുസ്‌ലിം രാഷ്ട്രങ്ങളും പുതുവർഷത്തെ ഇതേ പോലെ വരവേൽക്കാൻ തുടങ്ങിയിരിക്കുകയാണ്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികളിൽ ഒരുപാടു പേർ തങ്ങളുടെ രാത്രി ആരാധനയിൽ ചെലവഴിച്ചു കൊണ്ടോ അതിരാവിലെ ഉണർന്ന് നമസ്കാരം നിർവ്വഹിച്ചു കൊണ്ടോ ആണ് പുതുവർഷത്തെ വരവേറ്റത്. ഒരുപാട് സ്ഥലങ്ങളിൽ ജമാഅത്തോടു കൂടിയ തഹജ്ജുദ് നമസ്കാരം നടക്കുകയുണ്ടായി. ഇങ്ങനെയൊക്കെയാണെങ്കിലും അഹ്മദീ മുസ്‌ലീംകളായ നമ്മൾ ഭൂരിപക്ഷ മുസ്‌ലീംകളുടെ കണ്ണിൽ അമുസ്‌ലീംകളും, വെടിക്കെട്ടു നടത്തുന്നവരും അനാവശ്യമായി പണം പാഴാക്കുന്നവരും അന്യമതസ്ഥരുടെ ആചാരങ്ങളെ കൃത്യമായി അനുവർത്തിക്കുന്നവരുമായ ഇക്കൂട്ടർ മുസ്‌ലിംകളുമാണ്!

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മൾ മുസ്‌ലിംകളാണ്. അതിനു നമുക്ക് ആരുടെയും സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല. വല്ല സർട്ടിഫിക്കറ്റും നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ കണ്ണിൽ യഥാർഥ മുസ്‌ലിം ആയിത്തീർന്നുകൊണ്ടുള്ളതായിരിക്കണം എന്നതാണ്. അതിന് വർഷത്തിലെ ആദ്യദിവസം ഒറ്റയ്ക്കോ കൂട്ടായോ തഹജ്ജുദ് നമസ്കരിച്ചതു കൊണ്ടോ, സദഖ നൽകിയതു കൊണ്ടോ, വല്ല നന്മയും ചെയ്തതിനു ശേഷം നാം ദൈവപ്രീതി കരസ്ഥമാക്കി എന്ന് വിചാരിച്ചതു കൊണ്ടോ കാര്യമില്ല. അല്ലാഹു തന്റെ ദാസരിൽനിന്ന് ആഗ്രഹിക്കുന്നത് സ്ഥിരമായ നന്മകളാണ്. തന്റെ ദാസൻ തന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുന്നവനായിരിക്കണം. നന്മകൾ ചെയ്യുന്നവനായിരിക്കണം.നമസ്കാരങ്ങളും ഐച്ഛിക കർമങ്ങളുമൊക്കെ നിർവ്വഹിക്കുന്നതോടൊപ്പം ഹൃദയങ്ങളിൽ ഒരു മാറ്റമുണ്ടാക്കേണ്ടതാണ്. അപ്പോഴാണ് അല്ലാഹു തൃപ്തനാകുന്നത്. ഒന്നോ രണ്ടോ ദിവസത്തേക്ക് മാത്രമുള്ള നന്മകൾ നന്മകളല്ല. അതുകൊണ്ട് ഏതു വിധത്തിലുള്ള കർമ്മങ്ങൾ അല്ലെങ്കിൽ മനോഭാവം അവലംബിച്ചാലാണ് നമുക്ക് ദൈവപ്രീതി കര ഗതമാകുന്നതെന്ന് നാം ചിന്തിക്കേണ്ടതാണ്. ഇതുസംബന്ധമായി ഇക്കാലഘട്ടത്തിന്റെ പരിഷ്കരണത്തിന് അല്ലാഹു നിയോഗിച്ചയച്ച മഹാമാനുഷി തന്റെ ജമാഅത്തിനോട് സ്ഥിരമായും പതിവായും ദൈവപ്രീതി കരസ്ഥമാക്കാൻ ശ്രമിക്കുന്നതിന് വേണ്ടി വിവിധ സന്ദർഭങ്ങളിൽ നൽകിയ ഉപദേശങ്ങളാണ് ഞാൻ ഇന്ന് തിരഞ്ഞെടുത്തിരിക്കുന്നത്.

വർഷത്തിലെ ആദ്യ ദിവസം മാത്രമല്ല, 12 മാസവും 365 ദിവസവും അനുഗ്രഹപൂർണ്ണമാക്കുന്നതും ദൈവാനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ നമ്മെ പ്രാപ്തമാക്കുന്നതുമായ കാര്യങ്ങളാണിവ. വാഗ്ദത്ത മഹ്ദി മസീഹ് (അ) ഒരിടത്ത് പറയുന്നു:

"ലോകത്തിന്റെ അവസ്ഥ ഇപ്പോൾ നോക്കുക. തന്റെ ജീവിതവും മരണവും അല്ലാഹുവിനാണെന്ന് കർമ്മത്തിലൂടെ കാണിക്കുകയാണ് നബി(സ) തിരുമേനി ചെയ്തത്. ഇന്ന് ലോകത്തുള്ള മുസ്‌ലിംകളോട് നീ മുസ്‌ലിം ആണോ എന്ന് ചോദിച്ചാൽ 'അൽഹംദുലില്ലാഹ്' എന്ന് പറയും. കലിമ ചൊല്ലിയിരുന്ന നബി (സ) യുടെ ജീവിതവും അല്ലാഹുവിനു വേണ്ടിയുള്ളതായിരുന്നു. എന്നൽ, ഇവർ ജീവിക്കുന്നത് ദുൻയാവിന് വേണ്ടിയാണ്.(ലാ ഇലാഹ് ഇല്ലല്ലാഹ് എന്നവർ പറയുന്നുണ്ടെങ്കിലും ദുൻയാവിനുവേണ്ടിയാണ് ഇവർ ജീവിക്കുന്നത്.) ഇവർ മരിക്കുന്നതും ദുൻയാവിനു വേണ്ടിയാണ്. അവസാന ശ്വാസംവരെ, മരണം വന്നെത്തുന്നതുവരെ ദുൻയാവ് തന്നെയാണ് ഇവരുടെ ശരണവും പ്രേമഭാജനവും. അപ്പോൾ പിന്നെങ്ങനെയാണു തങ്ങൾക്ക് നബി(സ)യെ പിൻപറ്റുന്നുവെന്ന് പറയാനാവുക?

പറയുന്നു: വളരെ ചിന്താർഹമായ സംഗതിയാണിത്. ഇതിനെ ഉപരിപ്ലവമായി കരുതരുത്. മുസ്‌ലിം ആവുക എളുപ്പമല്ല. തിരുനബി(സ)യോടുള്ള അനുസരണവും ഇസ്‌ലാമിന്റെ മാതൃകയും തങ്ങളിൽ സംജാതമാകുന്നതുവരെ നിങ്ങൾ തൃപ്തരാകരുത്. ചുരുക്കത്തിൽ അല്ലാഹുവിന്റെ പ്രേമഭാജന

മായിത്തീരുക എന്നതാണ് മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം എന്ന് വളരെ വ്യക്തമായും മനസ്സിലാക്കാവുന്നതാണ്. എന്തെന്നാൽ, അല്ലാഹുവിന്റെ ഇഷ്ടദാസനാകുന്നതു വരെ ദൈവസ്നേഹം കരസ്ഥമാകുന്നതല്ല. വിജയപ്രദമായ ജീവിതം നയിക്കാനും ആവില്ല. നബി(സ)യെ ശരിയായനിലയിൽ അനുസരിക്കാതെ, അനുധാവനം ചെയ്യാതെ ഇത് സംജാതമാവുകയില്ല. ഇസ്‌ലാം എന്താണെന്ന് നബി(സ) തന്റെ കർമ്മം മുഖേന ചെയ്ത് കാണിച്ചിട്ടുണ്ട്. ആയതിനാൽ, ദൈവത്തിന്റെ പ്രേമഭാജനമായിത്തീരുന്നതിന് നിങ്ങൾ ആ ഇസ്‌ലാമിനെ തങ്ങളുടെ ഉള്ളിലുണ്ടാക്കുക."

ഭൗതികമായ അനുഗ്രഹങ്ങളെ ഇസ്‌ലാം വിലക്കുന്നില്ല. ദുൻയാവിനെക്കാൾ ദീനിന് മുൻഗണന നൽകണമെന്ന ഉപദേശമാണ് അത് നൽകുന്നത്. ഇത് സംബന്ധമായി വാഗ്ദത്ത മസീഹ്(അ) പറയുന്നു: "സംന്യാസം ഇസ്‌ലാം വിലക്കിയിട്ടുണ്ട്. അത് ഭീരുക്കളുടെ പ്രവൃത്തിയാണ്. മുഅ്മിന്റെ ബന്ധം ദുൻയാവുമായി എത്ര കണ്ട് വിശാലമാണോ അത്രകണ്ട് അവ അവന്റെ ആത്മീയോന്നതിക്ക് കാരണമായി ത്തീരും. എന്തെന്നാൽ, അവന്റെ ലക്ഷ്യം ദീനാണ്. ദുൻയാവും അതിലെ സമ്പത്തും പ്രതാപവുമെല്ലാം ദീനിന്റെ സേവകരാണ്. പ്രഥമ ലക്ഷ്യം ദുൻയാവ് ആകാൻപാടില്ല. ദുൻയാവ് നേടുമ്പോഴും ദീനായിരിക്കണം പരമലക്ഷ്യം. ദീനിന്റെ സേവകനെന്ന നിലയിലായിരിക്കണം ദുൻയാവിനെ കാണേണ്ടത്.

നന്മയും സൽഗുണവും അവലംബിച്ചുകൊണ്ട് നിങ്ങൾ ദുൻയാവ് കരസ്ഥക്കുക; മറ്റു മനുഷ്യർക്ക് ക്ലേശം നൽകിക്കൊണ്ടാകരുത്. ഒരിക്കലും സ്വസമുദായത്തിന് അപമാനത്തിനും നാണക്കേടിനും കാരണമാകരുത്. തന്റെ സമ്പത്തിനോടും ഭാര്യാമക്കളോടുമുള്ള അന്ധമായ സ്നേഹാതിരേകത്താൽ മനുഷ്യൻ അല്ലാഹുവിൽ നിന്നു അകന്നു പോകരുത്. അവനുമായുള്ള ബന്ധം നിലച്ചു പോകരുത്."

വീണ്ടും അവിടന്ന് പറയുന്നു: "**അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ അർറഹ്മാനിർറഹീം മാലിക്കി യൗമിദ്ദീൻ** എന്നീ ആയത്തുകളിൽനിന്നും അവയിലെ ദൈവികഗുണങ്ങൾ തങ്ങളുടെ ഉള്ളിൽ ആവാഹിച്ചെടുക്കണമെന്നാണ് തെളിയുന്നതെന്ന് എന്റെ ഹൃദയത്തിൽ ഇട്ടിരിക്കുന്നു; അതായത് സർവലോകരക്ഷിതാവായ അല്ലാഹുവിന്റെ സർവ്വഗുണങ്ങൾ- എല്ലാ ലോകങ്ങളിലും, അത് ബീജത്തിന്റേയോ രക്തപിണ്ഡത്തിന്റേയോ ലോകമാകട്ടെ അവനാണ് റബ്ബ്. പിന്നീട് വരുന്നത് റഹ്മാൻ എന്ന ഗുണമാണ്. അതു കഴിഞ്ഞ് റഹീം, ശേഷം മാലിക് യൗമിദ്ദീൻ എന്നീ ഗുണങ്ങൾ. **ഇയ്യാക്കനഅ്ബുദു** എന്ന് ഒരാൾ പറയുമ്പോൾ ആ ഇബാദത്തിൽ റുബൂബിയ്യത്തിന്റെയും(പരിരക്ഷണം) റഹ്മാനിയ്യത്തിന്റെയും(പരമകാരുണികത) റഹീമിയ്യത്തിന്റെയും(കാരുണികത) മാലിക്കിയ്യത്തിന്റെയും (ഉടമസ്ഥത)ഛായ തന്റെ ഉള്ളിൽ ഉണ്ടാക്കേണ്ടതാണ്. (അല്ലാഹുവിന്റെ ഈ ഗുണങ്ങൾ തന്റെ ഉള്ളിലും ഉണ്ടാക്കേണ്ടതാണ്) മനുഷ്യനായ അടിമയുടെ ആരാധനയുടെ ഔന്നത്യം എന്നത് **തഖല്ലഖൂ ബി അഖ്‌ലാഖില്ലാഹ്** ആണ്. അതായത്, അല്ലാഹുവിന്റെ വർണം തന്നിൽ സ്വാംശീകരിക്കുക. ഈ അവസ്ഥയിലെത്തുന്നതുവരെ പിന്നോട്ട് പോകാൻപാടില്ല.

പറയുന്നു: മരണത്തെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കുന്നത് ഗുണപ്രദമാണ്. ഈ ലോകം വിട്ടു പോകുന്ന നേരത്ത് ഇതും ഇതിലുള്ള വസ്തുക്കളും അവന് പിരിയാനാകാത്ത വിധം പ്രിയങ്കരമാകരുത്. ഇക്കാര്യം അവന് ഓർമ്മയുണ്ടെങ്കിൽ അവൻ നന്മ ചെയ്യാൻ ശ്രമിക്കുന്നതാണ്. പിന്നെ അവൻ വിനോദങ്ങളിൽ പണം പാഴാക്കുകയില്ല. സമയം നഷ്ടപ്പെടുത്തുകയുമില്ല. തന്റെ ഇച്ഛാപൂർത്തീകരണത്തിന് ഇവയൊന്നും അവൻ വെറുതെ പാഴാക്കിക്കളയുകയുമില്ല."

പരിശുദ്ധമാറ്റം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"ആയതിനാൽ, നിങ്ങൾ നിർഭയരായിരിക്കരുത്. ഇസ്തിഗ്ഫാറിലും ദുആയിലും നിങ്ങൾ മുഴുകുക. പരിശുദ്ധമായ മാറ്റം ഉണ്ടാക്കിത്തീർക്കുക. അശ്രദ്ധയുടെ സമയമല്ലിപ്പോൾ. തനിക്ക് ദീർഘായുസ്സ് ഉണ്ടാകുമെന്ന് മനുഷ്യന്റെ നഫ്സ് അവനെ പ്രലോഭിപ്പിച്ചുകൊണ്ടിരിക്കും. നിങ്ങൾ മരണത്തെ സമീപത്തുകാണുക. തീർച്ചയായും ദൈവമുണ്ട്. ദൈവത്തോടുള്ള കടമകൾ ആരാണോ അക്രമപരമായി മറ്റുള്ളവരോട് കാണിക്കുന്നത് അവൻ നിന്ദ്യനായി മരിക്കുന്നതാണ്."

പരിശുദ്ധ മാറ്റവും പരലോക വിചാരവും തഖ്‌വ മുഖേനയാണ് ഉണ്ടാകുന്നത്. പരലോകത്ത് മനുഷ്യന് ഗുണം ചെയ്യുന്നതു തഖ്‌വയാണ്. ഇത് സംബന്ധമായി വാഗ്ദത്ത മഹ്ദി മസീഹ് (അ) പറയുന്നു: "ഭയഭക്തി അവലംബിക്കുന്നവരുടെ മേൽ അല്ലാഹുവിന്റെ ജ്യോതിസ്സുണ്ടാകും. അവർ അല്ലാഹുവിന്റെ തണലിലായിരിക്കും. എന്നാൽ, തഖ്‌വ അഥവാ ദൈവഭക്തി ആത്മാർഥവും ശയ്ത്വാന്റെ സ്വാധീനമില്ലാത്തതുമായിരിക്കണം. തഖ്‌വയാണ് പരമപ്രധാനം. ഇതു നിങ്ങൾ ഓർമവെക്കുക."

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അതുകൊണ്ട് നിങ്ങൾ ഇന്ന ആൾക്ക് ഇൽഹാമുണ്ടായി, സ്വപ്നദർശനമുണ്ടായി, അല്ലെങ്കിൽ കശ്ഫ് ഉണ്ടായി എന്നൊക്കെ പറഞ്ഞ് അവയുടെ പിന്നാലെ പോകാതിരിക്കുക. മറിച്ച്, തഖ്‌വ സ്വായത്തമാക്കാൻ ശ്രമിക്കുക. ആർക്കൊക്കെ എന്തൊക്കെ ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന് നോക്കാതെ, ഒരുവനുണ്ടായ സ്വപ്നം സത്യമാണോ അല്ലേ എന്ന് പരിശോധിക്കാതെ, അവനിൽ തഖ്‌വയുണ്ടോ എന്ന് പരിശോധിക്കുക. മുത്തഖിയുടെ വെളിപാടുകളും ശരിയായ തായിരിക്കും. തഖ്‌വയില്ലെങ്കിൽ വെളിപാടുകളും വിശ്വസനീയമായിരിക്കില്ല.

ആയതിനാൽ, തഖ്‌വയുടെ പരീക്ഷ പാസ്സാകാൻ എല്ലാ ക്ലേശങ്ങളും സഹിക്കാൻ തയ്യാറാവുക. തഖ്‌വയും ഒരു പരീക്ഷയാണ്. അതിനുവേണ്ടിയും കഠിനധ്വാനം ചെയ്യേണ്ടിവരും. ഈ മാർഗ്ഗത്തിൽ മനുഷ്യൻ ചുവടു വെക്കുമ്പോൾ ശയ്ത്വാൻ അവന്റെമേൽ വലിയ വലിയ അക്രമങ്ങൾ നടത്തുന്നു. എന്നാൽ, ഒരുപരിധി കഴിഞ്ഞാൽ ശയ്ത്വാന്മുന്നേറാൻ കഴിയില്ല. മനുഷ്യന് അവന്റെ ജീവിതത്തിൽ മരണം സംഭവിച്ച് ദൈവിക തണലിന്റെ കീഴിൽ വന്ന് അവന്റെ പ്രതീകവും അവന്റെ ഖലീഫയുമായിത്തീർന്ന സമയമാണത്. മനുഷ്യൻ തന്റെ എല്ലാ കഴിവുകളും ദൈവത്തിനർപ്പിക്കുക എന്നതാണ് നമ്മുടെ അധ്യാപനങ്ങളുടെ ചുരുക്കം."

തഖ്‌വയെ സംബന്ധിച്ച് നമുക്ക് ഉപദേശം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തഖ്‌വ അവലംബിക്കുന്നവർക്ക് ഒരു നിബന്ധനയുണ്ട്. ദരിദ്രരും മിസ്കീംകളുമായി തങ്ങളുടെ ജീവിതം ചെലവഴിക്കുമെന്നതാണത്. തഖ്‌വയുടെ ഒരു ശാഖയാണത്. അതിലൂടെ നമുക്ക് അനാവശ്യ കോപത്തെ നേരിടേണ്ടതുണ്ട്. അനാവശ്യമായി നമുക്കുണ്ടാകുന്നതും മറ്റുള്ളവർക്ക് നമ്മോട് ഉണ്ടാകുന്നതുമായ കോപത്തെ നാം തഖ്‌വയിലൂടെ നേരിടണം. വലിയ വലിയ ആരിഫീങ്ങളുടെയും സിദ്ദീഖുകളുടെയും അവസാന കണ്ണി എന്നത് ഈ കോപത്തിൽ നിന്ന് വിട്ടു നില്ക്കുക എന്നതാണ്. ചിലർ വലിയവരോട് വളരെ ബഹുമാനത്തോടെ പെരുമാറും (വലി യവരോ ധനികരോ ആയാൽ വലിയ ബഹുമാനത്തോടെ ആദരവോടെ പെരുമാറും. എന്നാൽ, മിസ്കീനിനോട് മിസ്കീനിന്റെ ഭാവത്തോടെ പെരുമാറുന്നവനാണ് വലിയവൻ.) മിസ്കീനും ദരിദ്രരുമായ ആളുകളുടെ കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുക. അവനെ സന്തോഷിപ്പിക്കുക. അവന്റെ കാര്യങ്ങൾ മാനിക്കുക. അവനെ ദു:ഖിപ്പിക്കുന്ന, പ്രകോപിപ്പിക്കുന്ന ഒരുകാര്യവും നാവിൽ കൊണ്ടു വരാതിരിക്കുക. അല്ലാഹു പറയുന്നു. **വലാ തനാബസൂ ബിൽ അൽഖാബ്**........ പരസ്പരം പരിഹാസപേരുകൾ നിങ്ങൾ വിളിക്കരുത്. ദുഷിച്ചതും കുഴപ്പമുണ്ടാക്കുന്നതുമായ സംഗതികളാണവ. മറ്റുള്ളവരെ പരിഹസിക്കുന്നവൻ പരിഹസിക്കപ്പെടാതെ മരിക്കുകയില്ല. സ്വന്തം സഹോദരന്മാരെ നിന്ദ്യരായി ഗണിക്കരുത്. ഒരേ ഉറവിടത്തിൽനിന്ന് വെള്ളം കുടിക്കുന്ന സ്ഥിതിക്ക് കൂടുതൽ കുടിക്കാൻ ഭാഗ്യം ലഭിക്കുന്നതാർക്കാണെന്ന് ആരറിഞ്ഞു? ഭൗതികമായ രീതിയിൽ ആർക്കും ബഹുമാന്യനും ആദരണീയനും ആകാനാവില്ല. തഖ്‌വയുള്ളവനാണ് ദൈവ സമക്ഷം വലിയവൻ. **ഇന്ന അക്റമക്കും ഇന്ദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ് അലീമുൻ ഖബീർ.**"

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ഈ ലോകത്തും നിങ്ങൾ വിജയം ആഗ്രഹിക്കുന്നെങ്കിൽ, ജനഹൃദയങ്ങൾ കീഴടക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ പരിശുദ്ധിയെ അവലംബിക്കുക. യുക്തി പ്രയോഗിക്കുക. ദൈവിക വചനങ്ങളുടെ നിർദ്ദേശപ്രകാരം ചരിക്കുക. നിങ്ങൾക്കു വേണ്ടി നിങ്ങൾ സ്വയം കേൾക്കുക. സ്വാഭാവഗുണങ്ങളിൽ മറ്റുള്ളവർക്ക് മാതൃകയാവുക. അങ്ങനെയായാൽ നിങ്ങൾ വിജയിക്കുന്നതാണ്."

പറയുന്നതിനുമുമ്പേ പ്രവർത്തിക്കുക എന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"ഇത്തരത്തിലുള്ള ആളുകൾ പ്രവർത്തിക്കാൻ കഴിവുള്ളവരും പറയുന്നതിനുമുമ്പേ പ്രവർത്തിക്കുന്നവരുമായിരുന്നെങ്കിൽ വിശുദ്ധ ഖുർആന് **ലിമ തഖൂലൂന മാലാ തഫ്അലൂൻ** എന്ന് പറയേണ്ട ആവശ്യമില്ലായിരുന്നു. ലോകത്ത് പറയുന്നത് പ്രവർത്തിക്കാത്തവരുണ്ടായെന്നും ഇനിയുണ്ടാകുമെന്നുമാണ്ഇ ൗ വചനം പറയുന്നത്. ആയതിനാൽ വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ച് ജീവിക്കണമെങ്കിൽ ഇക്കാര്യത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്."

ഈ ഉപദേശം പ്രത്യേകിച്ചും നമ്മളോരോരുത്തരും പ്രാവർത്തികമാക്കേണ്ടതാണ്. മറ്റുള്ളവരിൽ ഒരു പരിവർത്തനം ആഗ്രഹിക്കുകയും അവരെ ഉപദേ ശിക്കുകയും അതേ സമയം സ്വന്തം കാര്യത്തിൽ അതുപോലുള്ള കാര്യങ്ങൾ ഉണ്ടായാൽ നേരെ എതിർ പ്രവർത്തിക്കുകയും ഒഴികഴിവുകൾ പറയുകയും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കല്പനകൾക്ക് രണ്ടാം സ്ഥാനം നല്കുകയും ചെയ്യുന്ന ഭാരവാഹികൾ പ്രത്യേകിച്ചും ഈ മൂല്യവത്തായ ഉപദേശം ഓർമവെക്കേണ്ടതാണ്. ഇതുപോലുള്ള പല കേസുകളും വരാറുണ്ട്.

വാക്കിലും പ്രവൃത്തിയിലും അന്തരമില്ലാതിരിക്കുന്നതിനെപ്പറ്റി ഹദ്റത്ത് മസീഹ് മൗഊദ്(അ)വീണ്ടും പറയുന്നു:"ഞാൻ പറയുന്നത് നിങ്ങൾ കേൾക്കുകയും നല്ലവണ്ണം ഓർമ വെക്കുകയും ചെയ്തു കൊള്ളുവിൻ. മനുഷ്യന്റെ സംഭാഷണം സത്യഹൃദയത്തോടു കൂടിയതും എന്നാൽ, കർമമില്ലാത്തതുമാണെങ്കിൽ അതൊരിക്കലും സ്വാധീനം ചെലുത്തുകയില്ല."

പരസ്പരമുള്ള സാഹോദര്യം, ഐക്യം, സ്നേഹം എന്നിവയെക്കുറിച്ച് പറയുന്നു: "ജമാഅത്തിന്റെ പരസ്പര സ്നേഹത്തെയും ഐക്യത്തെയും സംബന്ധിച്ച് ഇതിനു മുമ്പേയും പല തവണ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. നിങ്ങൾ പരസ്പരം ഐക്യപ്പെടുക. ഒരുമിച്ച് നില്ക്കുക. നിങ്ങൾ ഒരേയൊരു അസ്തിത്വമായിത്തീരുക. അല്ലാത്ത പക്ഷം നിങ്ങൾ നിർജ്ജീവരായിത്തീരുമെന്ന അധ്യാപനമാണ് അല്ലാഹു മുസ്‌ലിംകൾക്ക് നല്കിയത്. നമസ്കാരത്തിൽ ഒരുമിച്ച് നില്ക്കാനുള്ള കല്പനയും ഈ ഐക്യത്തെ മുൻനിറുത്തിയുള്ളതാണ്. വിദ്യുച്ഛക്തിപോലെ ഒരാളുടെ നന്മമറ്റുള്ളവരിലേക്ക് പ്രവഹിക്കുന്നതിനാണത്. ഐക്യമില്ലാതെ ഭിന്നിച്ചിരിക്കുന്നവർ ഹതഭാഗ്യരായിരിക്കും."

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "സ്വാലിഹീംകളുടെ ഒരു ജമാഅത്ത് ഇൻശാ അല്ലാഹ് എന്നിലൂടെ ഉണ്ടായിത്തീരുന്നതാണ്.പരസ്പരമുള്ള വിദ്വേഷത്തിന് കാരണം പിശുക്കാണ്, തൻ പ്രമാണിത്തമാണ്, സ്വാർഥതയാണ്, ദുർവികാരങ്ങളാണ്." അത്തരം ആളുകളോട് വളരെ വേദനയോടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പിശുക്ക് കാണിക്കുന്നവർ, തൻപ്രമാണിത്തം കാണിക്കുന്നവർ, സ്വാർഥരായവർ, തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവർ എന്നിവരെ ഞാൻ ജമാഅത്തിൽനിന്ന് വേർപെടുത്തുന്നതാണ്. തന്റെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവരും സ്നേഹത്തോടും സാഹോദര്യത്തോടും കഴിയാൻ കൂട്ടാക്കാത്തവരും ഓർമിച്ചു കൊള്ളുക, അവർ നല്ല മാതൃക കാണിക്കുന്നില്ലെങ്കിൽ ഏതാനും ദിവസത്തെ അതിഥികൾ മാത്രമാണ്. ഏതെങ്കിലും വ്യക്തിയെക്കൊണ്ട് ആക്ഷേപം ചുമലിലേറ്റാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് എന്റെ ഉദ്ദേശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാത്തവൻ ഉണങ്ങിയ മരക്കൊമ്പ് പോലെയാണ്. തോട്ടക്കാരന്അത് മുറിക്കാതെ നിവൃത്തിയില്ല. ഉണങ്ങിയ കൊമ്പ് മറ്റ് ഹരിതാഭ ശാഖകളുമായി ചേർന്ന് ജലം വലിച്ചെടുക്കും. എന്നാൽ, അവയെ അതിനു ഹരിതാഭമാക്കാൻ സാധിക്കില്ല. എന്നല്ല, അത് മറ്റ് ശാഖകൾക്ക് ഭീഷണിയുമാണ്.

ദുആ സ്വീകാര്യതയുടെ നിബന്ധനകളെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ഈ കാര്യവും

മനസ്സിരുത്തി കേട്ടു കൊള്ളുവിൻ! ദുആ സ്വീകരിക്കുന്നതിനും ചില നിബന്ധനകളുണ്ട്. അവയിൽ ചിലത് ദു:ആ ചെയ്യുന്ന വരുമായും ചിലത് ദു:ആ ചെയ്യിക്കുന്നവരുമായും ബന്ധപ്പെട്ട താണ്. ദു:ആ ചെയ്യിക്കുന്നവർ ദൈവഭയത്തെ മുന്നിൽ വെക്കേണ്ടതാണ്. അവന്റെ നിരാശ്രയത്വത്തെ സംബന്ധിച്ച് എപ്പോഴും ഭയപ്പെട്ടുകൊണ്ടിരിക്കുകയും ഗുണകാംക്ഷയെ യും ദൈവാരാധനയെയും ശീല മാക്കുകയും ചെയ്യേണ്ടതാ ണ്. ഭയഭക്തിയും പരിശുദ്ധിയും മുഖേന ദൈവത്തെ തൃപ് തിപ്പെടുത്തിയാൽ ദു:ആ സ്വീകാര്യതയുടെ കവാടങ്ങൾ തുറ ക്കപ്പെടുന്നതാണ്.

ദു:ആ സ്വീകാര്യതക്ക് തഖ്‌വ ഒഴിച്ചു കൂടാനാവാത്ത നിബ ന്ധനയാണെന്നിരിക്കെ ഒരാൾ അതിലേക്ക് ശ്രദ്ധ കൊടുക്കാ തെ പിഴച്ച മാർഗത്തിൽ പോയിക്കൊണ്ട് ദുആ സ്വീകരിക്ക പ്പെടണമെന്ന് ആഗ്രഹിക്കുകയാണെങ്കിൽ അവൻ അജ്ഞ നും വിഡ്ഢിയുമല്ലെങ്കിൽ മറ്റാരാണ്? ആയതിനാൽ, ദുആ സ്വീകാര്യതയുടെ ആനന്ദാനുഭൂതികൾ കരസ്ഥമാക്കി വിശ്വാ സവർദ്ധനവിൽ ഭാഗഭാക്കാവുന്നതിനുവേണ്ടി നമ്മുടെ ജമാ അത്തിലെ ഓരോരുത്തരും സാധിക്കുന്നിടത്തോളം തഖ്‌വയു ടെ മാർഗത്തിൽ ചരിക്കേണ്ടതാണ്;

വാഗ്ദത്ത മസീഹിന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് തങ്ങളു ടെ ജീവിതം മാറ്റിത്തീർക്കുന്നവരുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപെടുത്തുമാറാകട്ടെ. നമ്മുടെ ചുവടുകൾ സദാ നന്മയിലേക്ക് ആയിത്തീരുമാറാകട്ടെ. നമ്മൾ ഹദ്റത്ത് മസീ ഹ് മൗഊദ്(അ)ന്റെ പ്രാർഥനകളെ പാഴാക്കുന്നവരാകാതി രിക്കട്ടെ. പ്രത്യുത ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിനു വേണ്ടി ചെയ്തിട്ടുള്ള പ്രാർഥനകൾക്ക് എന്നെന്നും അനന്തരാവകാശികളായിരിക്കട്ടെ. ഈ പ്രാർ ഥനയോടു കൂടി ഞാൻ നിങ്ങൾക്കെല്ലാവർക്കും നവവത്സ രാശംസകൾ നേരുന്നു. അല്ലാഹുത്തആല ഈ വർഷം നമുക്കു വേണ്ടി വ്യക്തിപരമായ നിലയിലും ജമാഅത്തു പരമായ നിലയിലും അസംഖ്യം ബർക്കത്തുകൾക്ക് നിമി ത്തമാക്കട്ടെ.


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)

at Baithul Futuh,London – on 01.01.16

Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.

Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To

Ahmadiyya Muslim Jama'at

Baithul Quddoos, G.H.Road

Calicut - 673001,Kerala